'32410/2023

**ഭരണഭാഷ മാതൃഭാഷ**

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
ഹയർ സെക്കന്ററി വിഭാഗം.
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്,
ശാന്തി നഗർ, തിരുവനന്തപുരം
ഇ-മെയിൽ- dirdhse.dge@kerala.gov.in
ഫോൺ: 0471-2325868

**തീയതി:29-09-2023**

**പി.എഫ്3/101/2020/ഡി.എച്ച്.എസ്.ഇ**

**പരിപത്രം**

വിഷയം: പൊതുവിദ്യാഭ്യാസ വകുപ്പ്-ഹയർസെക്കന്ററി വിഭാഗം-എയ്ഡഡ് പി.എഫ്- ഹൈസ്കൂളിൽ നിന്ന് തസ്തികമാറ്റം വഴി ഹയർസെക്കന്ററിയിൽ വരുന്ന ഹയർസെക്കന്ററി എയ്ഡഡ് അധ്യാപക-അനധ്യാപക ജീവനക്കാർ KASEPF മാറ്റി KAHSSEPF ലേക്ക് അഡ്മിഷൻ എടുക്കുന്നതിലേയ്ക്ക് നിർദ്ദേശം നൽകുന്നത്- സംബന്ധിച്ച്.

സൂചന: (1) ഈ ഓഫീസിലെ 21/01/2020 ലെ ഇതേ നമ്പർ സർക്കുലർ.

(2) സ.ഉ (സാധാ) നം. 5251/2023/GEDN തീയതി :18/09/2023.

മേൽ സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഹൈസ്കൂളിൽ നിന്നും തസ്തികമാറ്റം വഴി ഹയർസെക്കന്ററിയിൽ വരുന്ന എയ്ഡഡ് ഹയർസെക്കന്ററി അധ്യാപക-അനധ്യാപക ജീവനക്കാർ അവരുടെ നിലവിലുള്ള KASEPF മാറ്റി KAHSSEPF (ഹയർസെക്കന്ററി പി.എഫ്) ലേക്ക് എത്രയും വേഗം അഡ്മിഷൻ എടുക്കേണ്ടതാണെന്നും ഒരു കാരണവശാലും പഴയ പി.എഫ് തുടരാൻ പാടില്ല എന്ന് കാണിച്ച് നിരവധി തവണ ഹയർസെക്കന്ററി വകുപ്പിൽ നിന്നും സർക്കുലർ നൽകിയിട്ടുണ്ടെങ്കിലും ചില സ്കൂളുകളിലെ പ്രിൻസിപ്പൽമാർ സമയബന്ധിതമായി KAHSSEPF ൽ അക്കൗണ്ട് എടുപ്പിക്കുവാൻ നടപടി സ്വീകരിക്കാത്തതുകൊണ്ട് പഴയ പി.എഫ് ൽ തന്നെ തുക ഒടുക്കുന്ന ജീവനക്കാർ സർവ്വീസിൽ നിന്നും വിരമിച്ചതിന് ശേഷം പി.എഫ് ക്ലോഷറിന് അപേക്ഷിക്കുമ്പോൾ ബന്ധപ്പെട്ട ഡി.ഡി ഓഫീസുകളിൽ നിന്നും പാസ്സാക്കി നൽകുന്ന പ്രൊവിഡന്റ് ഫണ്ടിലെ തുക ഹയർസെക്കന്ററി സ്പാർക്ക് സംവിധാനത്തിലൂടെ മാറ്റുവാൻ കഴിയാറില്ല. ഇത്തരം സാഹചര്യത്തിൽ ബന്ധപ്പെട്ട ഡി.ഡി.ഇ മാനുവലായി തീർപ്പാക്കുന്ന ഉത്തരവ് പ്രിൻസിപ്പാളിന് നൽകുകയും പ്രിൻസിപ്പാൾ ഇത്തരം ബില്ലുകൾ ഹയർസെക്കന്ററി വകുപ്പിലേയ്ക്ക് അയച്ചു തരുകയും മാനുവൽ ബിൽ മാറി നൽകുന്നതിന് സർക്കാരിന്റെ പ്രത്യേക അനുമതി ആവശ്യമായതിനാൽ സർക്കാരിലേയ്ക്ക് അയയ്ക്കുകയുമാണ് ചെയ്യുന്നത്. ഇത് വിരമിച്ച ജീവനക്കാരുടെ പി.എഫ് ആനുകൂല്യങ്ങൾ നൽകുന്നതിന് അനാവശ്യകാലതാമസത്തിന് ഇടവരുത്തുന്നു.

14/03/2001 ലെ സ.ഉ (പി) നം. 967/2001/പൊ.വി.വ പ്രകാരം എയ്ഡഡ് ഹയർസെക്കന്ററിയിൽ പി.എഫ് ചട്ടങ്ങൾ ടി ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം " It shall be compulsory for all members of teaching staff appointed on or after the commencement of these rules who have completed one year continuous service to subscribe to the Fund" എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മാത്രവുമല്ല ചട്ടം 5 പ്രകാരം " Subject to the provisions of, in the case of subscribers to any of the existing Provident Funds, the amount of their subscription in the account with interest thereon, shall be transferred to the new Fund to be constituted under this chapter". എന്നും അതേ റൂൾസിന്റെ ചട്ടം 6 പ്രകാരം " No teacher who has been required to subscribe to the fund referred Rule 3 shall be allowed to subscribe to any other existing provident fund" എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട് " .

'32410/2023

ഹൈസ്കൂളിൽ നിന്നും ബൈട്രാൻസ്ഫർ നിയമനം മുഖേന ഹയർസെക്കന്ററിയിൽ എത്തുന്ന ഹയർസെക്കന്ററി എയ്ഡഡ് അധ്യാപക-അനദ്ധ്യാപക ജീവനക്കാർ അവരുടെ KASEPF അക്കൗണ്ട് മാറ്റി ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ള നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ KAHSSEPF (ഹയർസെക്കന്ററി പി.എഫ്) ൽ കർശനമായും അംഗത്വം എടുത്തിരിക്കേണ്ടതാണെന്നും ഒരു കാരണവശാലും പഴയ പി.എഫ് ൽ തുടരാൻ പാടുള്ളതല്ലെന്നും ഈ വിഷയത്തിൽ ബന്ധപ്പെട്ട പ്രിൻസിപ്പൽമാർ വ്യക്തിപരമായ ശ്രദ്ധചെലുത്തേണ്ടതാണെന്നും നിർദ്ദേശിച്ചിരിക്കുന്നു.

ബന്ധപ്പെട്ട ആർ.ഡി.ഡി മാർ മേൽ സൂചിപ്പിച്ച അധ്യാപക-അനധ്യാപകരുടെ ആദ്യത്തെ സാലറി ബിൽ / ലോവർ സ്കെയിൽ മേലൊപ്പിട്ട് നൽകുന്നതിന് മുമ്പ് ഹയർസെക്കന്ററി പി.എഫ് ൽ അംഗത്വം നേടിയിട്ടുണ്ട് ഉറപ്പുവരുത്തേണ്ടതാണ്.

നിശ്ചിത സമയപരിധിക്കുള്ളിൽ ഹയർസെക്കന്ററി പി.എഫ് അംഗത്വം എടുക്കേണ്ടതാണെന്ന നിർദ്ദേശം പാലിക്കപ്പെടുന്നതിൽ എന്തെങ്കിലും തരത്തിലുള്ള വീഴ്ച ശ്രദ്ധയിൽപ്പെടുന്ന പക്ഷം സൂചന പ്രകാരമുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട പ്രിൻസിപ്പൽമാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിക്കുന്നു.

Signed by
Mohan Kumar N
Date: 29-09-2023 15:41:07
**സീനിയർ ഫിനാൻസ് ഓഫീസർ**
**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി**

ഉള്ളടക്കം : സൂചനയിലെ സർക്കാർ ഉത്തരവ്.

| | | |
|---|---|---|
| പകർപ്പ്: | 1 | എല്ലാ എയ്ഡഡ് ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർക്കും. |
| | 2 | എല്ലാ ആർ.ഡി.ഡിമാർക്കും - തുടർ നടപടികൾക്കായി |
| | 3 | വെബ്സൈററ് |

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

ആലപ്പുഴ - പുറക്കാട് എസ്.എൻ.എം.എച്ച്.എസ്.എസ്. ലെ അധ്യാപികയായിരുന്ന ശ്രീമതി അനിത റ്റി. ഒ. യുടെ KASEPF അക്കൗണ്ടിലെ തുക മാനുവൽ ആയി മാറി നൽകുന്നത് - ചട്ടത്തിൽ ഇളവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതു വിദ്യാഭ്യാസ (ഇ) വകുപ്പ്

സ.ഉ.(സാധാ) നം.5251/2023/GEDN തീയതി,തിരുവനന്തപുരം, 18-09-2023

പരാമർശം:- 1) 22/01/2022, 20/10/2022, 18/01/2023, 16/05/2023 തീയതികളിലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പി.എഫ്1/22/2022/എച്ച്.എസ്.ഇ നമ്പർ കത്തുകൾ

2) 17/04/2023 ലെ എസ്.എൻ.എം. ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പലിന്റെ 80/HSS/2022-23 നമ്പർ കത്ത്

## ഉത്തരവ്

പുറക്കാട് എസ്.എൻ.എം.എച്ച്.എസ്.എസ്. ലെ എച്ച്,.എസ്.എസ്.റ്റി ആയിരുന്ന ശ്രീമതി.അനിത.റ്റി.ഒയുടെ KASEPF അക്കൗണ്ട് (A20412-) ലെ തുക മാനുവൽ ആയി മാറി നൽകുവാൻ പ്രത്യേക അനുമതി നൽകണമെന്ന് പരാമർശം (1) കത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു. എസ്.എൻ.എം.എച്ച്.എസ്.എസ്. പുറക്കാട് -ലെ എച്ച്.എസ്.റ്റി ആയിരുന്ന ശ്രീമതി.അനിത.റ്റി.ഒ -യെ ബൈട്രാൻസ്ഫർ നിയമനം മുഖേന 01.06.2015 മുതൽ ഹയർ സെക്കന്ററി വകുപ്പിൽ എച്ച്.എസ്.എസ്.റ്റി ആയി നിയമിച്ചിരുന്നു. 31.05.2020 ൽ സർവ്വീസിൽ നിന്നും ടിയാരി വിരമിച്ചു. എന്നാൽ എച്ച്.എസ്.എസ്.റ്റി ആയി ജോലി ചെയ്ത കാലയളവിൽ ടിയാൾ ഹയർ സെക്കന്ററി വകുപ്പിലെ പിഎഫ്-ൽ (KAHSSEPF-08) അംഗത്വം നേടിയില്ല പകരം ഹൈസ്കൂൾ പി.എഫ് ആയ KASEPF അക്കൗണ്ട് ആയ A20412-ൽ വരിസംഖ്യ അടച്ചിരുന്നത് തുടരുകയാണ് ചെയ്തത്. ടിയാൾ സർവ്വീസിൽ നിന്നും വിരമിച്ചപ്പോൾ ഹൈസ്കൂൾ പി.എഫ് (KASEPF A/c. A20412) DDE ആലപ്പുഴയിലെ അസിസ്റ്റന്റ് പ്രൊവിഡന്റ് ഫണ്ട് ഓഫീസർ മാനുവലായി തീർപ്പാക്കിയ ഉത്തരവ് എസ്.എൻ.എം.എച്ച്.എസ്.എസ്. പുറക്കാട് -ലെ പ്രിൻസിപ്പലിന് നൽകുകയും ചെയ്തു. മാനുവൽ ബിൽ ആയതിനാൽ തുക തീർപ്പാക്കി നൽകുവാൻ എസ്.എൻ.എം.എച്ച്.എസ്.എസ്. -ലെ പ്രിൻസിപ്പലിന് സാധിച്ചില്ല. മാനുവൽ ബില്ലുകൾ മാറി നൽകുവാൻ സർക്കാരിൽ നിന്നും പ്രത്യേക അനുമതി നൽണമെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ അഭ്യർത്ഥിച്ചു.

2. ഹൈസ്കൂളിൽ നിന്നും തസ്തികമാറ്റം വഴി ഹയർ സെക്കന്ററിയിൽ വരുന്ന ഹയർ സെക്കന്ററി എയ്ഡഡ് അധ്യാപക-അനദ്ധ്യാപക ജീവനക്കാർ അവരുടെ നിലവിലുള്ള KASEPF മാറ്റി KAHSSEPF (ഹയർ സെക്കണ്ടറി പി.എഫ്) ലേക്ക് എത്രയും വേഗം അഡ്മിഷൻ എടുക്കേണ്ടതാണെന്നും ഒരു കാരണവശാലും പഴയ പി.എഫ് തുടരാൻ പാടില്ല എന്ന് കാണിച്ച്



Generated from eOffice by Athira T M, FIN PF4 DHSE, FIN PF4 DHSE, DHSE on 03/10/2023 03:44 PM

പല തവണ സർക്കുലർ നൽകിയിട്ടുള്ളതാണ് എന്നും എങ്കിലും ചില സ്കൂളുകളിലെ പ്രൻസിപ്പൽമാർ സമയബന്ധിതമായി ഹയർ സെക്കന്ററിയിൽ അക്കൗണ്ട് എടുക്കുവാൻ നടപടി സ്വീകരിക്കാത്തതുകൊണ്ടാണ് ഇത്തരത്തിൽ സംഭവിക്കുന്നത് ഇങ്ങനെ പഴയ പി.എഫ്-ൽ തന്നെ തുക അടക്കുന്ന ജീവനക്കാർ സർവ്വീസിൽ നിന്ന് റിട്ടയർ ചെയ്യതിനു ശേഷം പി.എഫ് ക്ലോഷറിനു അപേക്ഷിക്കുമ്പോൾ മാത്രമാണ് ഡയറക്ടറേറ്റിൽ അറിയാൻ കഴിയുന്നത് എന്നും നിശ്ചിത സമയത്ത് ഹയർ സെക്കന്ററിയിൽ അഡ്മിഷൻ എടുക്കുവാൻ ബന്ധപ്പെട്ട സ്കൂൾ പ്രൻസിപ്പൽമാർ നടപടി സ്വീകരിക്കാത്തതാണ് ഇതിനു കാരണം എന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചു.

3. നിലവിലുള്ള ചട്ടങ്ങളുടെയും ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 14.03.2001 ലെ സ.ഉ.(പി) നം.967/2001/പൊ.വി.വ പ്രകാരം എയ്ഡഡ് ഹയർ സെക്കണ്ടറിയിൽ പി.എഫ് ചട്ടങ്ങൾ നിലവിലുണ്ട്. ടി ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം "It shall be compulsory for all members of teaching staff appointed on or after the commencement of these rules who have completed one year continuous service to subscribe to the Fund." എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട് . മാത്രവുമല്ല ചട്ടം 5 പ്രകാരം "Subject to the provisions of, in the case of subscribers to any of the existing Provident Funds, the amount of their subscription in the account with interest thereon, shall be transferred to the new Fund to be constituted under this chapter ". എന്നും അതേ റൂൾസിന്റെ ചട്ടം 6 പ്രകാരം "No teacher who has been required to subscribe to the fund referred Rule 3 shall be allowed to subscribe to any other existing provident Fund" എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

4. നിലവിലുള്ള KAHSSEPF ചട്ടങ്ങൾ മേൽപ്പടി പ്രകാരമാണെന്നിരിക്കെ ഈ കേസിൽ എസ്.എൻ.എം.എച്ച്.എസ്.എസ്. പുറക്കാട്-ലെ എച്ച്.എസ്.റ്റി ആയിരുന്ന ശ്രീമതി അനിത റ്റി.ഒ, എച്ച്.എസ്.എസ്.റ്റി ആയി ബൈട്രാൻസ്ഫർ നിയമനം ലഭ്യമായതിനെ തുടർന്ന് ഹയർ സെക്കന്ററി വകുപ്പിലെ പിഎഫ്-ൽ (KAHSSEPF) അംഗത്വം നേടാതെ പകരം ടിയാരി ഹൈസ്കൂളിൽ സേവനത്തിലിരുന്ന കാലയളവിൽ ആരംഭിച്ച KASEPF അക്കൗണ്ട് ആയ A20412-ൽ തന്നെ വിരമിക്കുന്നതു വരെ വരിസംഖ്യ ഒടുക്കി വന്ന നടപടി തികച്ചും ക്രമ വിരുദ്ധമാണ്. ശ്രീമതി അനിത റ്റി. ഒ. യുടെ പി.എഫ്. ക്ലോഷർ തുക മാനുവൽ ആയി മാറി നൽകുന്ന ആവശ്യത്തിലേക്കായി എച്ച്.എസ്.എസ്.റ്റി ആയി ജോലി ചെയ്ത കാലയളവിൽ ടിയാരി ഹയർ സെക്കന്ററി വകുപ്പിലെ പി.എഫ്-ൽ (KAHSSEPF) അംഗത്വം നേടാതെ ഹൈസ്കൂൾ പി.എഫ് ആയ KASEPF അക്കൗണ്ട് A20412-ൽ വരിസംഖ്യ അടച്ച നടപടി എയ്ഡഡ് ഹയർ സെക്കണ്ടറിയിലെ ബന്ധപ്പെട്ട പി.എഫ് ചട്ടങ്ങളിൽ ഇളവ് അനുവദിച്ച് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. ഹൈസ്കൂളിൽ നിന്നും ബൈ ട്രാൻസ്ഫർ നിയമനം മുഖേന ഹയർ സെക്കന്ററിയിൽ എത്തുന്ന ഹയർ സെക്കന്ററി എയ്ഡഡ് അധ്യാപക-അനദ്ധ്യാപക ജീവനക്കാർ അവരുടെ KASEPF അക്കൗണ്ട് മാറ്റി ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ള നിശ്ചിത സമയ പരിധിക്കുള്ളിൽ തന്നെ KAHSSEPF (ഹയർ സെക്കണ്ടറി പി.എഫ്) ൽ കർശനമായും അംഗത്വം എടുത്തിരിക്കേണ്ടതാണെന്നും ഒരു കാരണവശാലും പഴയ പി.എഫ് ൽ തുടരാൻ പാടുള്ളതല്ലെന്നും ഈ വിഷയത്തിൽ ബന്ധപ്പെട്ട പ്രിൻസിപ്പൾമാർ വ്യക്തിപരമായ ശ്രദ്ധചെലുത്തേണ്ടതാണെന്നും പ്രസ്തുത നിർദ്ദേശം പാലിക്കപ്പെടുന്നതിൽ എന്തെങ്കിലും



Generated from eOffice by Athira T M, FIN PF4 DHSE, FIN PF4 DHSE, DHSE on 03/10/2023 03:44 PM

തരത്തിലുള്ള വീഴ്ച ശ്രദ്ധയിൽപ്പെടുന്ന പക്ഷം ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്നും ഉള്ള വ്യവസ്ഥ ഉൾപ്പെടുത്തി പൊതു നിർദ്ദേശം പുറപ്പെടുവിക്കുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദേശം നൽകുകയും ചെയ്യുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീലത ആർ എസ്
ജോയിന്റ് സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, ഹയർ സെക്കണ്ടറി വിഭാഗം, തിരുവനന്തപുരം.
റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഹയർ സെക്കണ്ടറി വിദ്യാഭ്യാസം, ചെങ്ങന്നൂർ
പ്രിൻസിപ്പാൾ, എസ്.എൻ.എം ഹയർ സെക്കണ്ടറി സ്കൂൾ, പുറക്കാട് പി.ഒ, ആലപ്പുഴ-688561
ശ്രീമതി അനിത റ്റി.ഒ, എച്ച്.എസ്.എസ്.റ്റി(റിട്ട.), എസ്.എൻ.എം ഹയർ സെക്കണ്ടറി സ്കൂൾ, പുറക്കാട് പി.ഒ, ആലപ്പുഴ-688561
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Shajahan S
Date: 19-09-2023 10:42:57
സെക്ഷൻ ഓഫീസർ

പകർപ്പ്: പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്



Generated from eOffice by Athira T M, FIN PF4 DHSE, FIN PF4 DHSE, DHSE on 03/10/2023 03:45 PM